(2) കാസർഗോഡ് ജില്ലാ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : സർ, കാസർഗോഡ് ജില്ലാ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭിക്കുന്നതു സംബന്ധിച്ചാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. രണ്ടു വർഷം മുമ്പാണ് 3 കോടിയിൽപ്പരം രൂപ ചിലവാക്കി കാസർഗോഡ് ജില്ലാശുപത്രി കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചത്. എന്നാൽ ആവശ്യമായ ഫണ്ട് ലഭിക്കാത്തതുകൊണ്ട് നിർമ്മാണപ്രവർത്തനം തടസ്സപ്പെട്ടിരിക്കുകയാണ്. പിന്നോക്ക ജില്ലയെന്ന പ്രത്യേക പരിഗണന നൽകി ആവശ്യമായ ഫണ്ട് അനുവദിച്ച് നിർമ്മാണപ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാന്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഇതൊടൊപ്പം അതിന്റെ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ ഫണ്ട് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കാസർഗോഡ് ജില്ലാ ആശുപത്രി കെട്ടിടനിർമ്മാണം പൂർത്തീകരിക്കാൻ ഒന്നര ക്കോടി രൂപയോളം അഡീഷണൽ ആതറൈസേഷൻ നൽകണമെന്ന് ചീഫ് എൻജിനീയർ എഴുതിയിരുന്നു. ബഡ്ജറ്റ് പ്രൊവിഷന്റെ മേഖലയിലാണ് തുക വരുന്നത്. ഈ ആശുപത്രി കെട്ടിടത്തിന്റെ പണി പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകത അവിടുത്തെ എം.എൽ.എ. മാർ എല്ലാപേരും എഴുതി തന്നിട്ടുണ്ട്. അത് വളരെ ആവശ്യമുള്ളതാണ്. ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതോടുകൂടി മാത്രമേ ഈ അഡീഷണൽ ആതറൈസേഷൻ അനുവദിക്കാൻ പറ്റൂ. സാമ്പത്തിക പരിമിതി നോക്കാതെ ഒന്നും ചെയ്യാൻ കഴിയുകയില്ല. നിശ്ചയമായും ഗവൺമെന്റ് ഇക്കാര്യത്തിൽ സാദ്ധ്യമായ നടപടി എടുക്കുന്നതാണ്.

(3) സർവ്വീസ് പെൻഷൻകാരുടെ അടിയന്തിരാവശ്യങ്ങൾ

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, കേളത്തിലെ സർവ്വീസ് പെൻഷൻകാരുടെ അടിയന്തിരാവശ്യങ്ങൾ അടങ്ങിയ നിരവധി നിവേദനങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഒരു മാസത്തെ പെൻഷന് തുല്യമായ സംഖ്യ ഉൽസവ ബത്തയായി അടുത്ത ഓണത്തിനുമുമ്പുതന്നെ അനുവദിക്കണമെന്നതാണ് പ്രധാനപ്പെട്ട ആവശ്യം. ഇപ്പോൾ പെൻഷൻകാർക്ക് വെറും 275 രൂപയാണ് ഉൽസവബത്തയായി നൽകുന്നത്. മെഡിക്കൽ അലവൻസ് കേന്ദ്ര പെൻഷൻകാരുടേതിന് തുല്യമായി വർദ്ധിപ്പിക്കണം. കേരളത്തിൽ ഇപ്പോൾ പെൻഷൻകാർക്ക് 60 വയസ്സുമുതൽ പ്രതിമാസം 50 രൂപ വച്ചാണ് മെഡിക്കൽ അലവൻസ് നൽകുന്നത്. പെൻഷൻ പറ്റുന്ന അൻപത്തിയഞ്ചു വയസ്സുമുതൽ തന്നെ 200 രൂപ വച്ച് മെഡിക്കൽ അലവൻസ് നൽകണം. സർവ്വീസിൽനിന്നും പിരിയുമ്പോൾ ലഭിച്ചിരുന്ന ശമ്പളത്തിന്റെ പകുതി സംഖ്യയെങ്കിലും പെൻഷനായി നൽകണം. ജീവനക്കാർക്ക് നൽകുന്നതുപോലെ പെൻഷൻകാർക്കും മൂന്നു വർഷത്തിലൊരിക്കൽ 300 രൂപ കണ്ണടഅലവൻസ് നൽകണം. വൃദ്ധരും രോഗികളുമായ പെൻഷൻകാർക്ക് ട്രഷറികളിൽ വിശ്രമിക്കാനും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനും ഉള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. സംസ്ഥാനത്ത് മൂന്നു ലക്ഷത്തിലേറെ പെൻഷൻകാരുണ്ട്. വർഷംതോറും പതിനയ്യാ

LIBRARY ARCHIVES Kerala Legislative Assembly